# 5–ാമത് നിലയ്ക്കൽ ഭദ്രാസന സണ്ടേസ്കൂൾ വാർഷിവും സുവനീർ പ്രകാശനവും

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ അഞ്ചാമത് വാർഷിക സമ്മേളനവും സുവനീർ പ്രകാശനവും 2015 ഒക്ടോബർ 3–ന് ശനിയാഴ്ച രാവിലെ 9.30 മുതൽ റാന്നി സെന്റ് തോമസ് അരമനയിൽ വച്ച് നടത്തപ്പെടും. സണ്ടേസ്കൂൾ ഭദ്രാസന വൈസ്പ്രസിഡന്റ് റവ.ഫാ.തോമസ് കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന വാർഷിക സമ്മേളനം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. സണ്ടേസ്കൂൾ സുവനീർ പ്രകാശനവും അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കും. നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, ഭദ്രാസന കൗൺസിൽ അംഗം റവ.ഫാ.ജോജി മാത്യു, ബാലസമാജം ഭദ്രാസന വൈസ്പ്രസിഡന്റ് റവ.ഫാ.ജോസഫ് സാമുവേൽ, സഭാ മാനേജിങ് കമ്മറ്റിയംഗങ്ങളായ അഡ്വ.മാത്യൂസ് മഠത്തേത്ത്, ശ്രീ.ജെയിംസ് ജോർജ്ജ് മാവേലിൽ, ഭദ്രാസന കൗൺസിൽ അംഗം ശ്രീ.കെ.എ.എബ്രഹാം കല്ലുംപുറത്ത്, സണ്ടേസ്കൂൾ ഭദ്രാസന ഡയറക്ടർ ശ്രീ.ഒ.എം.ഫിലിപ്പോസ്, സെക്രട്ടറി ശ്രീ.ജോസ് കെ. എബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും. ദിവ്യബോധനം സെൻട്രൽ ഓർഗനൈസർ ഡോ.വർഗീസ് മാത്യൂ, ഒ.എസ്.എസ്.എ.ഇ ഡയറക്ടർ ജനറൽ റവ.ഫാ.ഡോ.റെജി മാത്യൂസ് എന്നിവർ ക്ലാസ്സുകൾ നയിക്കും.